LIBRARY ARCHIVES Kerala Legislative Assembly

• പക്ഷിപ്പനി നിയന്ത്രണത്തിന് ആവശ്യമായ മരുന്നുകൾ, സംരക്ഷണ ആവരണങ്ങൾ (പി.പി.ഇ. കിറ്റുകൾ) മുതലായവ സ്വരൂപിച്ച് മൂന്ന് ജില്ലകളിൽ അടിയന്തരമായി എത്തിക്കാൻ നടപടികൾ സ്വീകരിച്ചു.

• ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നിവിടങ്ങളിൽ ഐസൊലേഷൻ ആശുപത്രി സംവിധാനം, പ്രത്യേകം നിയോഗിക്കപ്പെട്ട ഡോക്ടർമാർ, മറ്റ് അനുബന്ധ ജീവനക്കാർ, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഐ.സി.യു., വെന്റിലേറ്റർ അടക്കമുള്ള സംവിധാനങ്ങൾ തയ്യാറാണ്.

(ബി) സംസ്ഥാനത്ത് ഇതുവരെ പക്ഷിപ്പനി മനുഷ്യരിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) പക്ഷിപ്പനി നിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള മുൻകരുതലുകളെക്കുറിച്ച് പ്രത്യേകം പരിശീലനം മൃഗസംരക്ഷണ വകുപ്പും ആരോഗ്യവകുപ്പും ചേർന്ന് നൽകിയിട്ടുണ്ട്.

രോഗബാധിത പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ഫീൽഡ് വിഭാഗം ജീവനക്കാർക്കും ആശാ പ്രവർത്തകർക്കും പരിശീലനം നൽകിയിട്ടുണ്ട്. ജനങ്ങളുടെ ബോധവൽക്കരണത്തിനുവേണ്ടി ലഘുലേഖകളും ബിറ്റ് നോട്ടീസുകളും വിതരണം ചെയ്തിട്ടുണ്ട്.

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ തസ്തികകളും ഒഴിവുകളും

73 (2624) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളിൽ അനുവദനീയമായ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തികകൾ എത്ര ; ഇതിൽ ജോലി ചെയ്യുന്നവർ എത്ര ; ഒഴിവുകൾ എത്ര എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നിലവിൽ ഡോക്ടർമാർ ഇല്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അസിസ്റ്റന്റ് സർജന്മാരുടെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ നികത്താൻ കഴിയും.

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് പ്രവർത്തനങ്ങൾ

74 (2625) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നു വിശദമാക്കാമോ ;

(ബി) എൻ.ആർ.എച്ച്.എം. മുഖേന ആകെ എത്ര തുകയാണ് മണ്ഡലത്തിൽ ചെലവഴിച്ചിട്ടുള്ളത്; ആശുപത്രികൾക്ക് പ്രത്യേകമായും മണ്ഡലത്തിൽ പൊതുവായും ചെലവഴിച്ച തുക സംബന്ധിച്ച് ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് മാതൃ ശിശു സംരക്ഷണ പരിപാടികൾ, ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ബോധവൽക്കരണ പരിപാടികൾ, വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾ, വിദ്യാലയ ആരോഗ്യ പരിപാടികൾ എന്നിവ നടപ്പിലാക്കി.

(ബി) കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻ.ആർ.എച്ച്.എം. മുഖേന 1,47,00,863 രൂപയാണ് ആകെ ചെലവഴിച്ചിട്ടുള്ളത്.

ആശുപത്രികൾക്ക് പ്രത്യേകമായും മണ്ഡലത്തിൽ പൊതുവായും ചെലവഴിച്ച തുക സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly